# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1060 — 20/03/2012 ൽ മറുപടിക്ക്

## ശിക്ഷാ വിശാരദ് കോഴ്സുകളുടെ അംഗീകാരം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ.ജയരാജ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഹിന്ദി സാഹിത്യ സമ്മേളൻ (അലഹബാദ്) നടത്തുന്ന ശിക്ഷാ വിശാരദ് കോഴ്സുകളുടെ അംഗീകാരം സംസ്ഥാനത്ത് പിൻവലിച്ച ഉത്തരവ് പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) എങ്കിൽ ഈ വിഷയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) യും (ബി) യും<br><br>കേരളത്തിലെ എയ്ഡഡ് യു.പി/എച്ച്.എസ് വിഭാഗത്തിലെ ഹിന്ദി അദ്ധ്യാപക തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള പകര യോഗ്യതയായി അലഹബാദ് ഹിന്ദി സാഹിത്യ സമ്മേളൻ നടത്തുന്ന 'ശിക്ഷാ വിശാരദ്' കോഴ്സിന് 17/3/1998 ലെ G.O (MS) 88/98/G.Edn. പ്രകാരം അംഗീകാരം നൽകിയിരുന്നു. എന്നാൽ ഈ കോഴ്സ് നടത്തുന്നതിനെ സംബന്ധിച്ചും, പഠിപ്പിക്കുന്ന സ്ഥാപനങ്ങളെകുറിച്ചും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതിയെകുറിച്ചും ധാരാളം പരാതികൾ ലഭിച്ചതിന്റെയും വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ടി കോഴ്സിന്റെ അംഗീകാരം 2006 മാർച്ച് മുതൽ 9/2/10 ലെ G.O (MS) No.28/10/G.Edn. ഉത്തരവ് പ്രകാരം പിൻവലിച്ചിരുന്നു. NCTE അംഗീകാരമുള്ള സ്ഥാപനങ്ങൾ നടത്തുന്ന ഈ കോഴ്സിന് 31/12/2009 വരെ അംഗീകാരം നൽകിയിരുന്നു. ഈ സാഹചര്യത്തിൽ ഈ കോഴ്സിനുള്ള അംഗീകാരം പുനഃസ്ഥാപിക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ